"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്-പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6 5 സെന്റ് വസ്തുവിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയ ഭവന സമുച്ചയം പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ തന്നെ സ്ഥിതിചെയ്യുന്നതും ശ്രീ. സുകുമാരൻ വൈദ്യർ ദാനമായി നൽകിയതുമായ രണ്ടര ഏക്കർ സ്ഥലത്തേക്ക് പദ്ധതിയുടെ സ്ഥലം മാറ്റുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(കൈ) നം.40/2022/LSGD തീയതി,തിരുവനന്തപുരം, 28-02-2022

പരാമർശം:-
1. സ.ഉ. (എം.എസ്) നം. 78/2019/ത.സ്വ.ഭ.വ, തീയതി 03/07/2019
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 06/11/2021 തീയതിയിലെ LM/EW/61/CRN(14)-Mitsumi/2020 നമ്പർ കത്ത്.
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20/01/2022 തീയതിയിലെ LM/EW/61/CRN(14)-Mitsumi/2020 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ പട്ടകുളം വാർഡിൽ ഭവന രഹിതർക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ ടെൻഡർ ക്ഷണിക്കുകയും M/s Mitsumi Housing Private Ltd എന്ന കരാറുകാരന് ടി പ്രവൃത്തിയുടെ ടെൻഡർ ലഭിക്കുകയും എന്നാൽ ടി സ്ഥലത്തേക്ക് വഴി സൗകര്യം ഇല്ലാതിരുന്നതാണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് വഴി സൗകര്യം പഞ്ചായത്ത് നൽകാമെന്ന് ഉറപ്പ് നൽകിയിരുന്നുവെങ്കിലും നാളിതുവരെ ടി സ്ഥലത്തേക്ക് വഴി സൗകര്യം ലഭ്യമാക്കിയിട്ടില്ലാത്തതാണെന്നും പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഭവന സമുച്ചയത്തിന് വേണ്ടി പട്ടകുളം വാർഡിലെ സ്ഥലത്തേക്ക് വഴി സൗകര്യം ലഭ്യമാക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ കല്ലാമം വാർഡിൽ ശ്രീ. സുകുമാരൻ വൈദ്യർ ദാനമായി നൽകിയ രണ്ടര ഏക്കർ സ്ഥലത്ത് പ്രസ്തുത ലൈഫ് ടവർ നിർമ്മാണം നടത്തണമെന്ന് പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 06/05/2021 ലെ 2(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അറിയിച്ചിട്ടുള്ളതാണെന്നും ഇത് M/s Mitsumi Housing Private Ltd മായുള്ള ടെൻഡർ കരാർ വ്യവസ്ഥക്ക് എതിരായതിനാൽ M/s Mitsumi housing Private Ltd-മായിട്ടുള്ള ടെൻഡർ റദ്ദ് ചെയ്ത് പുതിയ ടെൻഡർ ക്ഷണിക്കേണ്ടതുണ്ടെന്നും ഈ സാഹചര്യത്തിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 65 സെന്റ് വസ്തുവിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയ ഭവന സമുച്ചയം പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ തന്നെ സ്ഥിതിചെയ്യുന്നതും ശ്രീ.

സുകുമാരൻ വൈദ്യർ ദാനമായി നൽകിയതുമായ രണ്ടര ഏക്കർ സ്ഥലത്തേക്ക് മാറ്റി നിർമ്മിക്കുവാൻ അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 65 സെന്റ് വസ്തുവിൽ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയ ഭവന സമുച്ചയം  പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ തന്നെ സ്ഥിതി ചെയ്യുന്നതും ശ്രീ. സുകുമാരൻ വൈദ്യർ ദാനമായി നൽകിയതുമായ രണ്ടര ഏക്കർ സ്ഥലത്തേക്ക് പദ്ധതിയുടെ സ്ഥലം മാറ്റുന്നതിന് മറ്റു നടപടിക്രമങ്ങൾ പാലിച്ചു മാത്രമേ നിർമ്മാണം ആരംഭിക്കാവൂ എന്ന വ്യവസ്ഥയിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 02-03-2022 11:52:26**
സെക്ഷൻ ഓഫീസർ